പതിമൂന്നാം കേരള നിയമസഭ

# മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

## മൂന്നാമത് റിപ്പോർട്ട്

കെയർ ഹോം, പുലയനാർകോട്ട

(2014 ജനുവരി 23-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014)

**മൂന്നാമത് റിപ്പോർട്ട്**

കെയർ ഹോം, പുലയനാർകോട്ട

(2014 ജനുവരി 23-ാം തീയതി സമർപ്പിച്ചത്)

333/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. റ്റി. യു. കുരുവിള, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. എ. എ. അസീസ്, എം.എൽ.എ.

,, ബി. ഡി. ദേവസ്സി, എം.എൽ.എ.

,, വർക്കല കഹാർ, എം.എൽ.എ.

,, കെ. കുഞ്ഞിരാമൻ (ഉദുമ), എം.എൽ.എ.

,, കെ. മുഹമ്മദുണ്ണി ഹാജി, എം.എൽ.എ.

,, എസ്. രാജേന്ദ്രൻ, എം.എൽ.എ.

,, കെ. രാജു, എം.എൽ.എ.

,, തേറമ്പിൽ രാമകൃഷ്ണൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

,, എസ്. ബിന്ദു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. ശശികുമാർ, അണ്ടർ സെക്രട്ടറി.

# ആമുഖം

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ജീവിത സായാഹ്നത്തിൽ ഒറ്റപ്പെട്ടുപോകുന്ന വയോജനങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് സർക്കാർ വൃദ്ധസദനങ്ങളും, സർക്കാർ ഗ്രാന്റോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളും സ്വകാര്യ മേഖലയിലുള്ള വൃദ്ധസദനങ്ങളും പ്രവർത്തിച്ചുവരുന്നു. വൃദ്ധസദനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന്റെയും അന്തേവാസികളുടെ ക്ഷേമത്തിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന്റെയും ഭാഗമായി സമിതി 2013 സെപ്റ്റംബർ 10-ാം തീയതി തിരുവനന്തപുരം ജില്ലയിലെ പുലയനാർകോട്ടയിൽ പ്രവർത്തിക്കുന്ന സർക്കാർ വൃദ്ധസദനം സന്ദർശിക്കുകയും, അന്തേവാസികളുമായും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത വൃദ്ധസദനത്തിന്റെ വിശദാംശങ്ങളും സന്ദർശനവേളയിൽ സമിതിയുടെ ശ്രദ്ധയിൽപ്പെട്ട പോരായ്മകളും വൃദ്ധസദനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള സമിതിയുടെ ശുപാർശകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്

ഈ റിപ്പോർട്ട് 2014 ജനുവരി 15-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

 റ്റി. യു. കുരുവിള,
*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജനുവരി 23.

## റിപ്പോർട്ട്

കേരളത്തിൽ മുതിർന്ന പൗരൻമാരുടെ സംഖ്യ ശീഘ്രഗതിയിൽ വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് 60 വയസ്സിനുമേൽ പ്രായമുള്ളവരുടെ ജനസംഖ്യ 1991-ൽ ആകെയുള്ള ജനസംഖ്യയുടെ 8.82 ശതമാനമായിരുന്നത് 2001-ൽ 9.79 ശതമാനവും 2011-ൽ 12.83 ശതമാനവുമായി ഉയർന്നു. ഇത് 2021-ൽ ആകെ ജനസംഖ്യയുടെ 15.63 ശതമാനവും 2026-ൽ 20 ശതമാനവുമായി ഉയരുമെന്നും കണക്കാക്കുന്നു. അതായത് വർദ്ധനയുടെ നിരക്ക് 25 വർഷം കൊണ്ട് ഏകദേശം ഇരട്ടിയാകും. ആയതിനാൽ മുതിർന്ന പൗരൻമാരുടെ സംരക്ഷണം സമൂഹ ത്തിന്റെ ഉത്തരവാദിത്വവും വളരെയധികം പ്രാധാന്യമർഹിക്കുന്ന വിഷയവുമായി സർക്കാർ കണക്കാക്കുകയും ഇവരുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. മക്കൾ/ഭാര്യ/ഭർത്താവ് എന്നിവ രില്ലാതെയും മറ്റു പല കാരണങ്ങൾ കൊണ്ടും ജീവിത സായാഹ്നത്തിൽ ഒറ്റപെട്ടു പോകുന്ന വയോജനങ്ങൾക്ക് അവരർഹിക്കുന്ന രീതിയിൽ ആഹാരം, മരുന്ന്, വസ്ത്രം, ശുശ്രൂഷ തുടങ്ങിയവ നൽകി സംരക്ഷിക്കുന്നതിന് വൃദ്ധസദനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയ സർക്കാർ മുതിർന്ന പൗരൻമാർക്കായി വൃദ്ധസദനങ്ങൾ/പകൽവീടുകൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രവർത്തിപ്പിച്ച് വരുന്നു. കൂടാതെ സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങൾക്ക് സർക്കാർ ധനസഹായവും നൽകുന്നു.

2. സംസ്ഥാനത്ത് ഇപ്പോൾ 15 സർക്കാർ വൃദ്ധസദനങ്ങളും സർക്കാർ ഗ്രാന്റോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന 154 വൃദ്ധസദനങ്ങളും സ്വകാര്യ മേഖലയിൽ മറ്റനവധി വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരത്തെ രണ്ട് വൃദ്ധസദനങ്ങളുൾപ്പെടെ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിച്ചുവരുന്നു. അവയുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന്റെയും അന്തേവാസികളുടെ ക്ഷേമത്തിന് ആവശ്യമായ നിർദ്ദേശം നൽകുന്നതിന്റെയും ഭാഗമായി സമിതി 2013 സെപ്റ്റംബർ 10-ാം തീയതി തിരുവനന്തപുരം ജില്ലയിൽ പുലയനാർകോട്ടയിൽ പ്രവർത്തിക്കുന്ന കെയർ ഹോം എന്ന സർക്കാർ വൃദ്ധസദനം സന്ദർശിച്ചു. സമിതി കെയർ ഹോമിൽ ലഭ്യമായ സൗകര്യങ്ങളും അന്തേവാസികളുടെ മുറികളും കാണുകയും അന്തേവാസികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത സന്ദർശനത്തിന്റെയും ചർച്ചയുടെയും അടിസ്ഥാനത്തിൽ കെയർ ഹോമിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് സമിതി നൽകുന്ന ശുപാർശകൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

3. ജയിൽ മോചിതരായവരുടെ പുനരധിവാസത്തിനായി തിരുവിതാംകൂർ മഹാരാജാവ് 1956-ൽ ആരംഭിച്ചതാണ് തിരുവനന്തപുരത്തെ കെയർ ഹോം. കാലക്രമേണ ഇത് വൃദ്ധസദനമായി മാറി. സാമൂഹ്യനീതി വകുപ്പിന്റെകീഴിൽ ചാക്കയിൽ പ്രവർത്തിച്ചിരുന്ന ഈ വൃദ്ധസദനം പുലയനാർകോട്ടയിൽ 2.73 ഏക്കർ സ്ഥലത്ത് കൂടുതൽ സൗകര്യങ്ങളുള്ള 25232 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ 20-6-2013 മുതൽ പ്രവർത്തിച്ച് വരുന്നു. സ്ഥാപനത്തിന്റെ നടത്തിപ്പിനായി

ജില്ലാ കളക്ടർ ചെയർമാനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ വാർഡ് കൗൺസിലർ, ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവർ അംഗങ്ങളുമായുള്ള പതിനൊന്നംഗ മാനേജ്മെന്റ് കമ്മിറ്റി നിലവിലുണ്ട്.

4. എഴുപത്തിയഞ്ച് അന്തേവാസികളെ താമസിപ്പിക്കുവാൻ കഴിയുന്ന കെയർ ഹോമിൽ നിലവിൽ 46 വനിതകളും 61 പുരുഷൻമാരുമുൾപ്പെടെ 107 വയോജന ങ്ങളെ പരിപാലിക്കുന്നതായി സമിതി മനസ്സിലാക്കി. നല്ല രീതിയിലുള്ള ഭക്ഷണവും വസ്ത്രവും ആവശ്യത്തിന് മരുന്നും ലഭിക്കുന്നുണ്ടെന്നും എന്നാൽ ജലക്ഷാമം നേരിടുന്നുവെന്നും അന്തേവാസികളിൽ പലരും സമിതിയെ അറിയിച്ചു. മൂന്ന് അന്തേവാസികൾക്കായി ഒരു മുറി വീതവും, ഓരോ മുറിയിലും ടോയ്‌ലറ്റും യൂറോപ്യൻ ക്ലോസറ്റ്, വാഷ്ബേസിൻ, കണ്ണാടി, ഓരോരുത്തർക്കും ചുമർ അലമാര എന്നിവയും സജ്ജീകരിച്ചിരിക്കുന്നതും, കൂടാതെ വിശാലമായ അടുക്കള, 100 പേർക്ക് ഇരിക്കാവുന്ന ഡൈനിംഗ് ഹാൾ, 150 പേർക്ക് ഇരിക്കാവുന്ന റിക്രിയേഷൻ ഹാൾ, സൂപ്രണ്ടിന്റെ മുറി, ഡോക്ടറുടെ മുറി, ഓഫീസ് മുറി, രണ്ട് സ്റ്റോർ മുറി എന്നിവയും റിക്രിയേഷൻ ഹാളിൽ അന്തേവാസികൾക്ക് ടി.വി. കാണുന്നതിനുള്ള സൗകര്യവും ഉള്ളതായി സമിതി കണ്ടു.

5. കെയർ ഹോമിലെ താഴത്തെ നിലയിൽ താമസിക്കുന്ന അന്തേവാസികൾക്ക് ബാത്ത്റൂം സൗകര്യം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ട സമിതി ഇതിനുള്ള കാരണം ആരാഞ്ഞു. അന്തേവാസികളുടെ എണ്ണം കൂടിയപ്പോൾ ചിലരെ താത്ക്കാലിക മായി താഴത്തെ നിലയിൽ താമസിപ്പിച്ചതാണെന്നും കെട്ടിടത്തിന്റെ മുകളിലത്തെ നിലയുടെ പണി പൂർത്തിയാകാനുണ്ടെന്നും ഇതിനായി ഒരു കോടി രൂപ അനുവദിച്ചി ട്ടുണ്ടെന്നും മുകളിലത്തെ നിലയുടെ പണി പൂർത്തിയാകുന്നതോടെ അന്തേവാസികളെ അവിടേക്ക് മാറ്റി താമസിപ്പിക്കുമെന്നും അവിടെ കൂടുതൽ സൗകര്യം വിഭാവനം ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പുതന്നെ അനുവദിച്ച തുക ഉപയോഗിച്ച് കെയർ ഹോമിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

6. കെയർ ഹോമിലെ 107 അന്തേവാസികൾക്കുള്ള ഭക്ഷണം പാചകം ചെയ്യുന്നതിന് ഇപ്പോൾ രണ്ട് പേർ മാത്രമേ ഉള്ളൂ എന്നും ഇത് അപര്യാപ്തമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ ബോധിപ്പിച്ചു. കെയർ ഹോമിലെ അന്തേവാസികൾക്കുള്ള ആഹാരം പാചകം ചെയ്തു നൽകുന്നതിനായി കൂടുതൽ ജീവനക്കാരെ നിയമിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7. കെയർ ഹോമിന് സ്വന്തമായി ഒരു ആംബുലൻസുണ്ടെന്നും രോഗികളായ അന്തേവാസികളെ ജനറൽ ആശുപത്രിയിൽ ചികിത്സിക്കുകയാണ് പതിവെന്നും അവിടത്തെ ചികിത്സ പോരാതെ വരികയാണെങ്കിൽ മെഡിക്കൽ കോളേജാശുപത്രി യിൽ കൊണ്ടു പോകുമെന്നും സമിതി മുമ്പാകെ വ്യക്തമാക്കപ്പെട്ടു. മാസത്തിൽ മൂന്ന് പ്രാവശ്യം ഡോക്ടർ കെയർ ഹോമിൽ പരിശോധനയ്ക്ക് എത്താറുണ്ടെന്നും ആയത് തികച്ചും അപര്യാപ്തമാണെന്നും സമിതിയുടെ അന്വേഷണത്തിന് മറുപടിയായി

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. ആയതിനാൽ കെയർ ഹോമിലെ വൃദ്ധരായ അന്തേവാസികളെ പരിശോധിക്കുന്നതിനായി ആഴ്ചയിൽ ഒരു പ്രാവശ്യം ഡോക്ടറുടെ സേവനം കെയർ ഹോമിൽ ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. പേരൂർക്കട മാനസിക രോഗാശുപത്രിയിൽനിന്ന് അസുഖം ഭേദമായി വന്നവർ അന്തേവാസികളുടെ കൂട്ടത്തിലുണ്ടെന്നും അവർക്ക് മരുന്ന് തുടരുന്നുവെന്നും എന്നാൽ അവരെ പരിശോധിക്കുവാൻ സൈക്യാട്രിസ്റ്റ് വരാറില്ലെന്നും സമിതി മനസ്സിലാക്കി. കുടുംബങ്ങളില്ലാതെ കഴിയുന്ന ഈ വയോജനങ്ങളുടെ മാനസികാരോഗ്യം കാത്തുസൂക്ഷിക്കുന്നതിലൂടെ ഇവരുടെ ശാരീരികാസ്വാസ്ഥ്യങ്ങൾ കുറയ്ക്കാനാകുമെന്ന് സമിതി കരുതുന്നു. ആയതിനാൽ കെയർ ഹോമിൽ മാസത്തിലൊരു പ്രാവശ്യമെങ്കിലും സൈക്യാട്രിസ്റ്റിന്റെ സേവനവും കൗൺസിലിംഗിനുള്ള സൗകര്യവും ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. അന്തേവാസികളിൽ ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ ചികിത്സയ്ക്കും അവരെ വ്യായാമം ചെയ്യിക്കുന്നതിനുമായി ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ആവശ്യമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ ആഴ്ചയിലൊരിക്കൽ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം കെയർ ഹോമിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. ജലദൗർലഭ്യമാണ് കെയർ ഹോം നേരിടുന്ന മുഖ്യപ്രശ്നമെന്നും മുന്നൂറ് രൂപ കോർപ്പറേഷനിൽ അടച്ചാണ് ദൈനംദിന ആവശ്യങ്ങൾക്കായി ഇപ്പോൾ വെള്ളം കൊണ്ടുവരുന്നതെന്നും ഇത് അപര്യാപ്തമായതിനാൽ ടോയ്‌ലറ്റും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നത് ബുദ്ധിമുട്ടാണെന്നും അന്തേവാസികളിൽനിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും സമിതി മനസ്സിലാക്കി. കെയർ ഹോമിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചുവെങ്കിലും പുലയനാർകോട്ടയിൽ മൂന്ന് ദിവസത്തിലൊരിക്കൽ മാത്രമാണ് വെള്ളം ലഭിക്കുന്നത് എന്ന കാരണത്താൽ ഇത് വേണ്ടത്ര പ്രയോജനം ചെയ്യില്ലെന്നും എന്നാൽ മെഡിക്കൽ കോളേജ് ലൈനിൽ നിന്നും ചെസ്റ്റ് ഹോസ്പ്പിറ്റൽ വരെയുള്ള ലൈനിൽ എപ്പോഴും വെള്ളം ലഭ്യമായതിനാൽ അവിടെനിന്ന് 300 മീറ്റർ ലൈൻ നീട്ടി കെയർ ഹോംവരെ എത്തിച്ചാൽ വെള്ളക്ഷാമം പരിഹരിക്കാനാകുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ വ്യക്തമാക്കി. ഈ സാഹചര്യത്തിൽ കെയർ ഹോമിലെ ജലക്ഷാമം പരിഹരിക്കുന്നതിനായി മെഡിക്കൽ കോളേജിൽനിന്ന് ചെസ്റ്റ് ഹോസ്പിറ്റൽ വരെയുള്ള ലൈൻ കെയർ ഹോംവരെ നീട്ടുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. ദിവസവേതനാടിസ്ഥാനത്തിൽ കെയർ ഹോം മാനേജിംഗ് കമ്മിറ്റി നിയമിച്ച രണ്ട് നഴ്സിംഗ് സ്റ്റാഫ് ഉൾപ്പെടെയുള്ള 7 ജീവനക്കാർക്ക് 250 രൂപ നിരക്കിലാണ് വേതനം നൽകുന്നതെന്നും ഇത് വളരെ കുറവാണെന്നും ഇവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളോ അവധിയോ ലഭിക്കുന്നില്ലെന്നും ശുശ്രൂഷയ്ക്കായി നിയോഗിച്ചവർ തന്നെ ക്ലീനിംഗ് ജോലികളും ചെയ്യുന്നുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ ബോധിപ്പിച്ചു. ആയതിനാൽ കെയർ ഹോമിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് മാനേജിംഗ് കമ്മിറ്റി നൽകുന്ന വേതനം വർദ്ധിപ്പിക്കണമെന്നും

സാനിറ്റേഷൻ ജോലികൾക്കായി പ്രത്യേകം ജീവനക്കാരെ നിയമിക്കണമെന്നും കെയർ ഹോമിൽ ആവശ്യമുള്ള ജീവനക്കാരെ സർക്കാർ തലത്തിൽ നിയമനം നടത്തുന്നതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

12. അന്തേവാസികളുടെ വസ്ത്രത്തിനും ആഹാരത്തിനും മരുന്നിനുമായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മുമ്പാകെ വെളിവാക്കപ്പെട്ടു. ആയതിനാൽ കെയർ ഹോമിലെ അന്തേവാസികൾക്ക് വസ്ത്രത്തിനും ആഹാരത്തിനും മരുന്നിനുമായി അനുവദിക്കുന്ന തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. ജനപ്രതിനിധികൾ ശുപാർശ ചെയ്യുന്നവർ, സംരക്ഷിക്കാൻ ആരുമില്ലാത്തവർ, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെ ഉത്തരവോടുകൂടിവരുന്ന മെന്റലി റിറ്റാർഡഡ് ആയിട്ടുള്ളവർ എന്നിവരെയാണ് മുഖ്യമായും കെയർഹോമിൽ അന്തേവാസികളായി പ്രവേശിപ്പിക്കുന്നതെന്നും സംരക്ഷണത്തിന്റെ പേരിൽ സ്വത്തുവകകൾ തട്ടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് ചൂഷണത്തിനിരയാകുന്നവർക്ക് ജില്ലാ കളക്ടറുടെ ശുപാർശയോടുകൂടി താത്കാലികമായി അഭയം നൽകാറുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

14. കെയർ ഹോമിലെ അന്തേവാസികളിൽ ബന്ധുക്കൾ ആരുമില്ലാത്തവർ മരണപ്പെട്ടാൽ വിവരം കോർപ്പറേഷനിൽ അറിയിച്ചശേഷം തൈയ്ക്കാട് ശ്മശാനത്തിൽ അടക്കം ചെയ്യുമെന്നും ബന്ധുക്കളുള്ളവരാണെങ്കിൽ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ വിവരമറിയിച്ചശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുക്കുമെന്നും സമിതിയുടെ അന്വേഷണത്തിന് മറുപടിയായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു.

15. അന്തേവാസികളുടെ മാനസികോല്ലാസത്തിനായി അവരെ ഇടയ്ക്ക് പുറത്തു കൊണ്ടുപോകാറുണ്ടെന്നും കെയർ ഹോമിൽ എല്ലാ ദിനപ്പത്രങ്ങളും വരുത്താറുണ്ടെന്നും 40% പേർ പത്രം വായിക്കുന്നുണ്ടെന്നും മറ്റു പുസ്തകങ്ങൾ വായിക്കുവാൻ താൽപ്പര്യമുള്ള രണ്ട് പേർ മാത്രമേ ഉള്ളൂവെന്നും അധികംപേരും രാവിലെ 8 മണിമുതൽ രാത്രി 10 മണിവരെ തുടർച്ചയായി ടി. വി. കാണുന്നവരാണെന്നും കാരംബോർഡ് വാങ്ങിയെങ്കിലും അതാരും ഉപയോഗിക്കുന്നില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിവരിച്ചു. വലിയ അസുഖങ്ങളൊന്നും ഇല്ലാത്ത അന്തേവാസികൾക്കും പ്രത്യേകിച്ചൊന്നും ചെയ്യാനില്ലാതെ പകലുകൾ തള്ളിനീക്കേണ്ട അവസ്ഥയാണുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഇത് മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യത്തിന് നല്ലതല്ലാത്തതിനാൽ താൽപ്പര്യമുള്ളവർക്ക് ഫലവത്തായ ഏതെങ്കിലും ഒരു പ്രവൃത്തിയിലേർപ്പെടുവാൻ സാധിക്കുന്ന ഒരു പദ്ധതി വൃദ്ധസദനങ്ങളിൽ നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ററി. യു. കുരുവിള,
*അദ്ധ്യക്ഷൻ,*
*മുതിർന്ന പൗരന്മാരുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജനുവരി 23.